സൂറഃ-7

# അൽ അഅ്റാഫ്

وَإِذْ قَالَتْ أُمَّةٌ مِّنْهُمْ لِمَ تَعِظُونَ قَوْمًا ۙ اللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ
عَذَابًا شَدِيدًا ۖ قَالُوا مَعْذِرَةً إِلَىٰ رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ ﴿١٦٤﴾

**164.** അവരിൽ ഒരു കൂട്ടർ ചോദിച്ചതും ഓർക്കുക: അല്ലാഹു നശിപ്പിക്കുകയോ കൊടൂരമായി ശിക്ഷിക്കുകയോ ചെയ്യാനിരിക്കുന്ന ജനത്തെ നിങ്ങൾ ഉപദേശിക്കുന്നതെന്തിന്? ഉപദേശിച്ചവർ പറഞ്ഞു: നിങ്ങളുടെ നാഥന്റെ സന്നിധിയിൽ ന്യായം ബോധിപ്പിക്കുന്നതിനുവേണ്ടിയും ഈ ധിക്കാരികൾ ദൈവഭയമുള്ളവരായെങ്കിലോ എന്നാശിച്ചും ഞങ്ങളതു ചെയ്യുന്നു.

فَلَمَّا نَسُوا مَا ذُكِّرُوا بِهِ أَنجَيْنَا الَّذِينَ يَنْهَوْنَ عَنِ السُّوءِ وَأَخَذْنَا الَّذِينَ
ظَلَمُوا بِعَذَابٍ بَئِيسٍ بِمَا كَانُوا يَفْسُقُونَ ﴿١٦٥﴾

**165.** ഉപദേശിക്കപ്പെട്ടതൊക്കെയും അവർ വിസ്മരിച്ചപ്പോൾ, തിന്മ വിലക്കിയവരെ നാം രക്ഷിക്കുകയും അധർമത്തിലേർപ്പെട്ടവരെ പാപം ചെയ്തിരുന്നതിന്റെ പേരിൽ കൊടൂരമായി ശിക്ഷിക്കുകയും ചെയ്തു.

فَلَمَّا عَتَوْا عَن مَّا نُهُوا عَنْهُ قُلْنَا لَهُمْ كُونُوا قِرَدَةً خَاسِئِينَ ﴿١٦٦﴾

**166.** നിരോധിക്കപ്പെട്ട കാര്യങ്ങൾതന്നെ ധിക്കാരപൂർവം ചെയ്തുകൊണ്ടിരുന്നപ്പോൾ നാം അവരോട് പറഞ്ഞു: നിന്ദ്യരായ മർക്കടന്മാരായിത്തീരുവിൻ!

وَإِذْ تَأَذَّنَ رَبُّكَ لَيَبْعَثَنَّ عَلَيْهِمْ إِلَىٰ يَوْمِ الْقِيَامَةِ مَن يَسُومُهُمْ
سُوءَ الْعَذَابِ ۗ إِنَّ رَبَّكَ لَسَرِيعُ الْعِقَابِ ۖ وَإِنَّهُ لَغَفُورٌ رَّحِيمٌ ﴿١٦٧﴾

**167.** നിന്റെ നാഥൻ അറിയിച്ചതും ഓർക്കുക: ഇസ്രാഈല്യർക്കെതിരെ, അവരെ നിഷ്ഠുര മർദനങ്ങളാൽ പീഡിപ്പിക്കുന്ന ജനതകളെ അന്ത്യനാൾവരേക്കും നിയോഗിച്ചുകൊണ്ടേയിരിക്കും. നിന്റെ നാഥൻ അതിവേഗം ശിക്ഷിക്കുന്നവനാകുന്നു. അതോടൊപ്പം ഏറെ പൊറുത്തുകൊടുക്കുന്നവനും കാരുണ്യമരുളുന്നവനും കൂടിയാകുന്നു.

وَإِذْ قَالَتْ=ഓർക്കുക (ചോദിച്ചതും) പറഞ്ഞത് أُمَّةٌ مِّنْهُمْ=(കൂട്ടർ) അവരിൽ ഒരു സമൂഹം
لِمَ تَعِظُونَ=നിങ്ങൾ ഉപദേശിക്കുന്നതെന്തിന് قَوْمًا=ഒരു ജനത്തെ
اللَّهُ مُهْلِكُهُمْ=(വാനിരിക്കുന്നു)അല്ലാഹു അവരെ നശിപ്പിക്കുന്നവനാണ്
أَوْ مُعَذِّبُهُمْ=(ക്കാനിരിക്കുന്നു) അല്ലെങ്കിൽ ശിക്ഷിക്കുന്നവനാണ്
عَذَابًا شَدِيدًا=കൊടൂരമായ ശിക്ഷ قَالُوا=(ഉപദേശിച്ചവർ) പറഞ്ഞു അവർ مَعْذِرَةً=(ന്യായം,ബോധിപ്പിക്കാൻ) ഒഴികഴിവായി
إِلَىٰ رَبِّكُمْ=(ന്റെ സന്നിധിയിൽ) നിങ്ങളുടെ നാഥങ്കലേക്ക്
وَلَعَلَّهُمْ يَتَّقُونَ=(എന്നാശിച്ചുകൊണ്ടും ഞങ്ങളതു ചെയ്യുന്നു) അവർ (ഈ ധിക്കാരികൾ) ദൈവഭയമുള്ളവരായെങ്കിലോ
فَلَمَّا نَسُوا=അവർ വിസ്മരിച്ചപ്പോൾ مَا ذُكِّرُوا بِهِ=(ഉപദേശിക്കപ്പെട്ടതൊക്കെയും) അവർ അനുസ്മരിപ്പിക്കപ്പെട്ടതെന്തോ അത്
أَنجَيْنَا=(ക്കുകയും) നാം രക്ഷിച്ചു الَّذِينَ يَنْهَوْنَ=(ക്കിയ)വരെ വിലക്കുന്ന عَنِ السُّوءِ=തിന്മയിൽനിന്ന്

وَأَخَذْنَا =(നാം പിടികൂടി(ടുകയും ചെയ്തു) ٱلَّذِينَ ظَلَمُوا۟ =അധർമത്തിൽ ഏർപ്പെട്ടവരെ بِعَذَابٍۭ بَـِٔيسٍۭ =കൊടൂരമായ ശിക്ഷ കൊണ്ട്

بِمَا كَانُوا۟ يَفْسُقُونَ =അവർ പാപം ചെയ്തിരുന്നതിന്റെ പേരിൽ

فَلَمَّا عَتَوْا۟ =(അവർ ശഠിച്ചപ്പോൾ (ധിക്കാരപൂർവം ചെയ്തുകൊണ്ടിരുന്നപ്പോൾ)

عَن مَّا نُهُوا۟ عَنْهُ =അവർക്ക് നിരോധിക്കപ്പെട്ടതെന്തോ അതിൽ(കാര്യങ്ങൾ)തന്നെ قُلْنَا لَهُمْ =നാം അവരോട് പറഞ്ഞു

كُونُوا۟ =നിങ്ങൾ ആയിത്തീരുവിൻ قِرَدَةً =(മർക്കടൻ(മാർ) خَـٰسِـِٔينَ =നിന്ദ്യരായ, എല്ലാ നന്മകളിലും നിരാശരായ

وَإِذْ تَأَذَّنَ رَبُّكَ = നിന്റെ നാഥൻ അറിയിച്ചതും ഓർക്കുക

لَيَبْعَثَنَّ عَلَيْهِمْ = അവർക്കെതിരെ അവൻ നിയോഗി(ച്ചുകൊണ്ടിരി)ക്കുമെന്ന് إِلَىٰ يَوْمِ ٱلْقِيَـٰمَةِ = അന്ത്യനാൾവരെ

مَن يَسُومُهُمْ = അവരെ പീഡിപ്പിക്കുന്നവരെ سُوٓءَ ٱلْعَذَابِ ۗ = മോശമായ(ക്രൂരമായ) ശിക്ഷ إِنَّ رَبَّكَ = നിശ്ചയം നിന്റെ നാഥൻ

لَسَرِيعُ ٱلْعِقَابِ ۖ = ശിക്ഷക്ക് വേഗമുള്ളവൻതന്നെ (അതിവേഗം ശിക്ഷിക്കുന്നവൻ) ആകുന്നു

وَإِنَّهُۥ = (അതോടൊപ്പം) തീർച്ചയായും അവൻ لَغَفُورٌ = ഏറെ പൊറുത്തുകൊടുക്കുന്നവനും

رَّحِيمٌ = കാരുണ്യമരുളുന്നവനും കൂടിയാകുന്നു

**164–166:** സാബ്ബത്ത് ലംഘനത്തിൽ ആ നാട്ടുകാർ അറിയാതെ അകപ്പെട്ടുപോവുകയായിരുന്നില്ല. നിയമലംഘനത്തിന്റെ അധാർമികതയെക്കുറിച്ചും അതിന്റെ ഗുരുതരമായ അനന്തരഫലത്തെക്കുറിച്ചും ഉണർത്തിക്കൊണ്ട് അവരെ ഉപദേശിക്കുന്ന ഒരു വിഭാഗം അവരുടെ കൂട്ടത്തിൽതന്നെയുണ്ടായിരുന്നു. പക്ഷേ, ഉപദേശങ്ങളൊന്നും ചെവിക്കൊള്ളാൻ ധിക്കാരികൾ തയാറായിരുന്നില്ല. എന്നിട്ടും അവർ ഉപദേശം തുടർന്നുകൊണ്ടിരുന്നു. നിയമലംഘനത്തിൽനിന്ന് സ്വയം വിട്ടുനിൽക്കുകയും അതേസമയം നിയമലംഘകരെ നിസ്സംഗരായി നോക്കിക്കാണുകയും ചെയ്യുന്ന മറ്റൊരു വിഭാഗവുമുണ്ടായിരുന്നു. സ്വയം നിയമവും ധർമവും പാലിച്ച് അവനവന്റെ തടി സലാമത്താക്കുക, അത്രയേ വേണ്ടൂ. മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടേണ്ട. അവർ സ്വർഗത്തിലേക്കോ നരകത്തിലേക്കോ എങ്ങോട്ടു വേണമെങ്കിലും പോയ്ക്കൊള്ളട്ടെ. അല്ലാഹുവിന്റെ നിയമങ്ങൾ ലംഘിക്കുന്നവർ, അവൻ നശിപ്പിക്കാനോ ശിക്ഷിക്കാനോ നിശ്ചയിച്ചവരാണ്. എന്തിനവരെ ഉപദേശിക്കാൻ പോകണം- ഇതായിരുന്നു ഇക്കൂട്ടരുടെ നിലപാട്. ഈ നിലപാടിനെ അല്ലാഹു അംഗീകരിക്കുന്നില്ല. നിയമലംഘകരെ ഉപദേശിച്ചവരിലൂടെ അല്ലാഹു അവർക്ക് മറുപടി നൽകുകയാണ്: ധർമം കൽപിക്കുകയും അധർമം നിരോധിക്കുകയും ചെയ്യുക അല്ലാഹു നമ്മളിൽ ചുമത്തിയ ബാധ്യതയാണ്. ആ ബാധ്യത വിജയകരമായി നിർവഹിക്കപ്പെടുന്നതിലൂടെയാണ് അവന്റെ ദീൻ സ്ഥാപിതമാവുക. ഞങ്ങളുടെ ഉപദേശം ആരും സ്വീകരിക്കുന്നില്ലായിരിക്കാം. സന്മാർഗം ആളുകൾ സ്വീകരിക്കുന്നതും നിരാകരിക്കുന്നതും അല്ലാഹുവിങ്കൽനിന്നുള്ള ഉതവിയെ ആശ്രയിച്ചിരിക്കുന്നു. ഞങ്ങൾക്ക് സ്വന്തം നിലയിൽ ആരെയും സന്മാർഗിയോ ദുർമാർഗിയോ ആക്കാനാവില്ല. ഞങ്ങളുടെ പ്രബോധനത്തിലൂടെ ആളുകൾ സന്മാർഗത്തിലാകണമെന്ന് ആശിക്കാനേ കഴിയൂ. ആ പ്രതീക്ഷ ഒരവസരത്തിലും കൈവെടിയുകയില്ല. കൈവെടിയാൻ പാടില്ല. ആരും ഞങ്ങളെ ചെവിക്കൊണ്ടില്ലെങ്കിലും ഞങ്ങളിൽ ചുമത്തിയ ഉത്തരവാദിത്വം ഞങ്ങൾ പൂർത്തീകരിച്ചിരിക്കുന്നുവെന്ന് അല്ലാഹുവിന്റെ മുന്നിൽ ബോധിപ്പിക്കാൻ കഴിയും. അങ്ങനെ അവന്റെ ശിക്ഷാനടപടിയിൽനിന്ന് ഞങ്ങൾക്ക് രക്ഷപ്പെടാം.

ആ സമുദായം മൊത്തത്തിൽ മൂന്നു വിഭാഗമായിരുന്നു. ഒരു കൂട്ടർ നിയമലംഘകർ. മറ്റൊരു കൂട്ടർ നിയമലംഘകരെ എതിർക്കുകയും ഉപദേശിക്കുകയും ചെയ്തവർ. സ്വയം നിയമം ലംഘിക്കുകയോ ലംഘിക്കുന്നവരെ ഉപദേശിക്കുകയോ ചെയ്യാത്തവരാണ് മൂന്നാമത്തെ വിഭാഗം. ഇതിൽ നിയമലംഘകർ ശിക്ഷിക്കപ്പെട്ടുവെന്നും അവരെ ഉപദേശിച്ചവർ രക്ഷിക്കപ്പെട്ടുവെന്നും പ്രസ്താവിച്ചിരിക്കുന്നു. രണ്ടിനും മധ്യേയുള്ളവർ രക്ഷിക്കപ്പെട്ടവരോ ശിക്ഷിക്കപ്പെട്ടവരോ എന്നു വ്യക്തമായി പറയുന്നില്ല. അല്ലാഹുവിന്റെ നിയമങ്ങൾ പാലിച്ചവരായതിനാൽ അവർ രക്ഷപ്പെട്ടവരുടെ കൂട്ടത്തിലാണെന്നാണ് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇബ്നു അബ്ബാസ്, ഇക്‌രിമ, ഇബ്നുകസീർ തുടങ്ങിയ മഹാന്മാർ അക്കൂട്ടത്തിൽ പെടുന്നു. ഈ വിഭാഗം ശിക്ഷിക്കപ്പെട്ടവരിലുൾപ്പെട്ടിരിക്കുന്നുവെന്നാണ് മറ്റൊരു അഭിപ്രായം. പ്രമാണങ്ങൾ ബലപ്പെടുത്തുന്നത് ഈ വീക്ഷണത്തെയാണ്. തിന്മ നിരോധിച്ചവരെ രക്ഷിച്ചു എന്നാണല്ലോ അല്ലാഹു പറയുന്നത്, അവരല്ലാത്തവരൊക്കെ ശിക്ഷിക്കപ്പെട്ടു എന്നാണ് അതിനർഥം. തിന്മ ചെയ്തവരും അത് നിരോധിക്കാതിരുന്നവരും അക്കൂട്ടത്തിൽ പെടുന്നു.

ഇക്കൂട്ടർ തിന്മ നിരോധിച്ചില്ലെങ്കിലും കുറ്റമൊന്നും ചെയ്യാത്തവരും അല്ലാഹുവിന്റെ നിയമം അനുസരിച്ചവരുമായതിനാൽ ശിക്ഷാർഹരാകുന്നില്ല എന്ന വാദത്തെ അവർ ഇങ്ങനെ ഖണ്ഡിക്കുന്നു: നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്നത് അല്ലാഹുവിന്റെ വലിയ കൽപനയാണ്. അത് ചെയ്യാതിരിക്കുക എന്നത് ഗുരുതരമായ നിയമലംഘനമാകുന്നു. സ്വയം നന്നാവുക മഹത്തായ കാര്യമാണെങ്കിലും ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അതുമാത്രം മതിയാവില്ല. ചിലപ്പോൾ മറ്റുള്ളവരുടെ അതിക്രമങ്ങളുടെ ഫലം അവരനുഭവിക്കേണ്ടിവരും. അത്തരം അതിക്രമങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തുകയും തടയാൻ ശ്രമിക്കുകയും ചെയ്യുകയാണ് അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം. وَٱتَّقُوا۟ فِتْنَةً لَّا تُصِيبَنَّ ٱلَّذِينَ ظَلَمُوا۟ مِنكُمْ خَآصَّةً (നിങ്ങളിൽ അക്രമം പ്രവർത്തിച്ചവരെ മാത്രമായി ബാധിക്കുന്നതല്ലാത്ത വിപത്തുകൾക്കിടയാക്കുന്ന കുഴപ്പത്തെക്കുറിച്ച് ജാഗ്രത പാലിക്കുവിൻ -8:25). നബി(സ) അതിങ്ങനെ വിശദീകരിച്ചു:

ان الله لا يعذب العامّة بعمل الخاصّة حتى يروُا المنكر بين ظهْر أيديهم وهُم قادرُون على أن ينكروه فلا ينكروه فإذا فعلوا ذلك عذّب الله الخاصّة و العامة

(അസാധാരണക്കാർ ചെയ്ത കുറ്റത്തിന് അല്ലാഹു സാധാരണജനത്തെ ശിക്ഷിക്കുകയില്ല. തങ്ങൾക്കിടയിൽ നിഷിദ്ധം നടമാടുന്നതായി കാണുകയും അതിനെ എതിർക്കാൻ കഴിവുണ്ടായിട്ടും എതിർക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിലല്ലാതെ.

അങ്ങനെ ചെയ്താൽ അവരിലെ പ്രധാനികളെയും സാധാരണക്കാരെയും അല്ലാഹു ശിക്ഷിക്കുന്നതാണ്).

മധ്യകക്ഷി തിന്മ വിലക്കാതിരുന്നത്, വിശ്വാസികൾ സ്വന്തം കാര്യം നോക്കിയാൽ മതി, മറ്റുള്ളവരെ നന്നാക്കാൻ ശ്രമിക്കേണ്ടതില്ല എന്ന അർഥത്തിലല്ല, മറിച്ച് ധർമധ്വംസകരുടെ ശാഠ്യബുദ്ധി കണ്ട് നിരാശപ്പെട്ടിട്ടാണെന്നും ഒരു വ്യാഖ്യാനമുണ്ട്. നിരാശ വിശ്വാസിക്ക് ചേർന്നതല്ലെങ്കിലും അതിന്റെ പേരിൽ അവർ അധർമികളെപ്പോലെത്തന്നെ ശിക്ഷിക്കപ്പെടേണ്ടവരാകുന്നില്ല.

ഇങ്ങനെയും ഒരഭിപ്രായമുണ്ട്: അന്നത്തെ ഇസ്രാഈല്യരിൽ രണ്ട് വിഭാഗമേ ഉണ്ടായിരുന്നുള്ളൂ. സാബ്ബത്ത് നിയമം ലംഘിക്കുന്നവരും ആ നടപടിയിൽനിന്ന് പിന്തിരിയാൻ ഉപദേശിക്കുന്നവരും. അല്ലാഹു ശിക്ഷിക്കാൻ പോകുന്നവരെ നിങ്ങൾ ഉപദേശിക്കുന്നതെന്തിന് എന്ന് ചോദിച്ചത് നിയമലംഘകർ തന്നെയായിരുന്നു. അതുവഴി ധിക്കാരപൂർവം ഉപദേശികളെ പരിഹസിക്കുകയായിരുന്നു അവർ. ഭൂരിപക്ഷം പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ള പ്രബലമായ വ്യാഖ്യാനം ആദ്യം പറഞ്ഞപോലെ ആ സമൂഹത്തിൽ മൂന്നു വിഭാഗമുണ്ടായിരുന്നുവെന്നതാണ്.

بِعَذَابٍ بَئِيسٍ (കൊടൂരമായ ശിക്ഷ)യുടെ വിശദീകരണമാണ് മർക്കടന്മാരാക്കി മാറ്റൽ ( كُونُوا قِرَدَةً خَاسِئِينَ ) എന്നും അതല്ല രണ്ടും രണ്ട് ശിക്ഷകളാണെന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. രണ്ടും രണ്ട് ശിക്ഷകളാകുന്നു എന്നതാണ് കൂടുതൽ പ്രബലം. കോളറ പോലുള്ള മഹാമാരികളും ശത്രുക്കളുടെ അധിനിവേശങ്ങളാലുള്ള രാജ്യനഷ്ടവുമൊക്കെയാണ് കൊടൂരമായ ശിക്ഷകൾ. അധർമം വിലക്കാത്തവരെല്ലാം അതിനിരകളായി. എന്നിട്ടും പാഠം പഠിക്കാത്തവരെയാണ് കുരങ്ങുകളാക്കിയത്. നിയമം ലംഘിച്ചവർ മാത്രമേ ഈ ശിക്ഷക്കിരയായിട്ടുള്ളൂ. ഈ മാറ്റം എങ്ങനെയായിരുന്നുവെന്ന് സൂറഃ *അൽബഖറ* 66-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്.

**167:** തൗറാത്തിലൂടെയും ഇഞ്ചീലിലൂടെയും അല്ലാഹു ഇസ്രാഈല്യർക്ക് നൽകിയ മുന്നറിയിപ്പുകളാണ് ഇവിടെ സൂചിപ്പിക്കുന്നത്. അല്ലാഹുവിന്റെ ശാസനകൾ ധിക്കരിച്ച് സ്വേഛാനുസാരം വിഹരിക്കുകയാണെങ്കിൽ അവർ മറ്റു ജനതകളാൽ കീഴടക്കപ്പെടുകയും കഠിനമായി പീഡിപ്പിക്കപ്പെടുകയും ചെയ്യുമെന്നായിരുന്നു ഈ അറിയിപ്പ്. യശയ്യാ മുതൽ ഈസാ(അ) വരെയുള്ള പ്രവാചകന്മാരുടെ പ്രവചനങ്ങളിൽ ഈ മുന്നറിയിപ്പ് ആവർത്തിച്ചുവരുന്നതു കാണാം. ബി.സി 8-ാം നൂറ്റാണ്ടോടു കൂടിയാണ് യശയ്യാ പ്രവാചകന്റെ ആഗമനം. അക്കാലത്ത് ഇസ്രാഈല്യർ ധാർമികമായി ഏറെ അധഃപതിച്ചിരുന്നതിനാലാകാം യശയ്യാ മുതലുള്ളവരുടെ പ്രവചനങ്ങളിൽ ഈ അറിയിപ്പ് കൂടുതൽ കാണപ്പെടുന്നത്. ഈ അറിയിപ്പിനെകുറിച്ചുതന്നെയാണ് *സൂറഃ അൽഇസ്രാഅ്* 4-8 സൂക്തങ്ങളിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളത്:

"ഇസ്രാഈൽ വംശം ഭൂമിയിൽ രണ്ടുവട്ടം നാശമുണ്ടാക്കുമെന്നും മഹാ ധിക്കാരികളായിത്തീരുമെന്നും നാം വേദത്തിൽ വിധിച്ചിട്ടുണ്ടായിരുന്നു. അതിൽ ആദ്യത്തെ വാഗ്ദാനഘട്ടം സമാഗതമായപ്പോൾ നമ്മുടെ അതിപരാക്രമശാലികളായ ചില ദാസന്മാരെ നിങ്ങൾക്കെതിരെ നിയോഗിച്ചു. അവർ നിങ്ങളുടെ വീടുകൾക്കിടയിൽ പരതിനടന്നു. സംഭവിക്കേണ്ടത് അനിവാര്യമായ വാഗ്ദാനം തന്നെയായിരുന്നു അത്. അനന്തരം നിങ്ങൾക്കു നാം അവരുടെ മേൽ വിജയമരുളി. സമ്പത്തുകൊണ്ടും സന്തതികൾകൊണ്ടും സഹായിച്ച് നിങ്ങളെ ആൾബലമുള്ളവരാക്കി. നിങ്ങൾ നല്ലതു ചെയ്താൽ അതിന്റെ സൽഫലം നിങ്ങൾക്കുതന്നെ. തിന്മ ചെയ്താൽ നിങ്ങൾക്കു തന്നെയാണതിന്റെ ദോഷവും. മറ്റേ മഹാനാശത്തിന്റെ സമയമായപ്പോൾ അവൻ മറ്റൊരു ശത്രുജനത്തെ നിയോഗിച്ചു; അവർ നിങ്ങളുടെ മുഖം ചീത്തയാക്കാനും ആദ്യഘട്ടത്തിൽ കടന്നതുപോലെ പള്ളിയിൽ കടന്നുകയറാനും കൈയിൽ കിട്ടിയതെല്ലാം തകർത്തുകളയാനും. ഇനിയും നാഥൻ നിങ്ങളോട് കരുണ കാട്ടുമെന്ന് പ്രതീക്ഷിക്കാം. പക്ഷേ, നിങ്ങൾ അധർമമാവർത്തിച്ചാൽ നാം ശിക്ഷയും ആവർത്തിക്കുന്നതാകുന്നു."

*അൽഇസ്രാഇലെ* സൂക്തങ്ങളിൽ വിധിച്ചു -قضى- എന്നുപറഞ്ഞ സ്ഥാനത്താണ് ഈ സൂക്തത്തിൽ تَأَذَّنَ എന്നു പറഞ്ഞിരിക്കുന്നത്. രണ്ടു സൂക്തങ്ങളും ചേർത്തുവായിക്കുമ്പോൾ അറിയിപ്പിൽ പറഞ്ഞ സംഗതി സംഭവിക്കൽ പ്രകൃതിയുടെ താൽപര്യമാണെന്നു വ്യക്തമാകുന്നു. അതായത് അല്ലാഹു നേരത്തേ ഇസ്രാഈല്യരിൽ അങ്ങനെ വിധിച്ചുവെച്ചതുകൊണ്ടല്ല അവർക്ക് ദുരിതങ്ങളനുഭവിക്കേണ്ടിവന്നത്. പ്രത്യുത അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് ദുരിതങ്ങൾ നേരിടേണ്ടിവരുന്ന വഴിയിലൂടെ അവർ സഞ്ചരിച്ചതുകൊണ്ടാണ്. സ്വന്തം യോഗ്യതകൾ ദുരുപയോഗപ്പെടുത്തുകയും അധർമങ്ങളിലാണ്ടുപോവുകയും ചെയ്യുന്ന ജനത കാലക്രമത്തിൽ അധഃപതിക്കുകയും ഇതര ജനങ്ങളാൽ കീഴടക്കപ്പെടുകയും ചെയ്യുക എന്നത് അല്ലാഹു നിശ്ചയിച്ച സാമൂഹിക ശാസ്ത്ര നിയമമാണ്. അധഃസ്ഥിതരും പരാജിതരുമായ സമൂഹങ്ങൾ ഉദ്ബുദ്ധരാവുകയും യോഗ്യതകൾ ശരിയാംവണ്ണം പ്രയോജനപ്പെടുത്തുകയും നൈതിക-ധാർമിക മൂല്യങ്ങൾ മുറുകെപ്പിടിച്ച് മുന്നേറുകയും ചെയ്താൽ വീണ്ടും ഉന്നതരും പ്രതാപികളുമായി പരിണമിക്കുകയും ചെയ്യും. ഇസ്രാഈല്യരുടെ രണ്ടാമത്തെ പരാജയത്തിനു ശേഷം നിങ്ങളുടെ നാഥൻ ഇനിയും നിങ്ങളോട് കരുണ കാട്ടിയേക്കാമെന്നും പക്ഷേ, നിങ്ങൾ പഴയ നടപടികളാവർത്തിച്ചാൽ ശിക്ഷയും ആവർത്തിക്കുമെന്നും പറയുന്നതിൽനിന്ന് ഇക്കാര്യം വ്യക്തമാകുന്നു.

ഈ വേദപ്രവചനങ്ങൾ ഈസാ നബിക്ക് മുമ്പേ ഇസ്രാഈല്യരിൽ പുലർന്നുവരുന്നുണ്ട്. യവനന്മാർ, കൽദായർ, ബാബിലോണിയക്കാർ, റോമക്കാർ തുടങ്ങി എത്രയോ ജനതകൾ ഈസാ(അ)യുടെ ആഗമനത്തിനു മുമ്പ് അവരെ ആക്രമിച്ചു കീഴടക്കുകയും ജറൂസലം തകർക്കുകയും ഫലസ്ത്വീനിൽനിന്ന് അവരെ പുറംതള്ളുകയും ചെയ്തിട്ടുണ്ട്. അങ്ങനെ അവർ പല പ്രദേശങ്ങളിലായി ചിതറിപ്പോയി. ഈസാ നബിയുടെ കാലത്ത് ഫലസ്ത്വീൻ റോമിന്റെ ആധിപത്യത്തിലായിരുന്നു. പിന്നെ പേർഷ്യ പിടിച്ചടക്കി. അധികം താമസിയാതെ റോം തിരിച്ചുപിടിച്ചു. അപ്പോഴൊക്കെ അവർ ഒരു കൂട്ടരുടെ അല്ലെങ്കിൽ മറ്റൊരു കൂട്ടരുടെ അടിമകളായിരുന്നു. പിന്നീട് അവരുടെ നാട് ഇസ്ലാമിക രാഷ്ട്രത്തിന്റെ ഭാഗമായി. പിന്നെ കുരിശുയുദ്ധത്തിലൂടെ ക്രൈസ്തവർ പിടിച്ചടക്കി. ഒരു നൂറ്റാണ്ട് തികയും മുമ്പ് മുസ്ലിംകൾ തിരിച്ചുപിടിച്ചു. ഇതിനിടയിൽ ഇസ്രാഈല്യർ ലോകത്തിന്റെ പല ഭാഗങ്ങളിലായി ചിതറിപ്പോയിരുന്നു. യൂറോപ്പിലെ ജർമനിയിലും അയൽ നാടുകളിലുമാണ് യഹൂദർ കൂടുതൽ കേന്ദ്രീകരിച്ചിരുന്നത്. ജർമനിയിൽ ഹിറ്റ്ലർ രംഗത്തുവന്നതോടെ ആ പ്രദേശങ്ങളിൽ അവർക്ക് രക്ഷയില്ലാതായി. ഹിറ്റ്ലർ അനേകായിരം യഹൂദരെ കൊന്നൊടുക്കി. ഹിറ്റ്ലർ തങ്ങളോടു ചെയ്ത ക്രൂരതകൾ അതിശയോക്തിപരമായി പ്രചരിപ്പിച്ച് യഹൂദർ പാശ്ചാത്യ വൻശക്തികളുടെ സഹതാപം നേടുകയും അതിന്റെ മറവിൽ അവരുടെ സഹായത്തോടെ ഫലസ്ത്വീനിലെ പൂർവ നിവാസികളായ അറബികളെ കൊന്നൊടുക്കിയും ആട്ടിയോടിച്ചും ആ രാജ്യം പിടിച്ചടക്കി സ്വന്തമാക്കുകയും ചെയ്തു. ലോകത്ത് പൈശാചികത്വത്തിന്റെയും ക്രൂരതയുടെയും അധാർമികതയുടെയും ഭീകരരൂപമായിട്ടാണ് 'ഇസ്രയേൽ' എന്ന രാഷ്ട്രം ഇന്നു നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ ആ രാജ്യം ഇന്നല്ലെങ്കിൽ നാളെ തുടച്ചുനീക്കപ്പെടുമെന്നുറപ്പാണ്. അതിനു യോഗ്യമായ ധാർമികബലവും ആത്മീയൗന്നത്യവുമുള്ള ഒരു ജനതയുടെ ഉത്ഥാനം വരെ മാത്രമാണ് ഇസ്രയേലിന്റെ ആയുസ്സ്.

ശ്രവ്യമായ അറിയിപ്പിനെ കുറിക്കുന്ന إِذن-ൽ നിന്നുള്ളതാണ് تَأَذَّنَ . ചെവി എന്നർഥമുള്ള أُذن-ഉം إِذن-ൽ നിന്നുള്ളതാണ്. ഈ അറിയിപ്പ് വ്യംഗ്യമോ ധ്വന്യാത്മകമോ അല്ല; മറിച്ച് വേദപ്രമാണങ്ങളിലൂടെയും പ്രവാചകന്മാരുടെ ജിഹ്വകളിലൂടെയും വെളിപ്പെടുത്തിയിട്ടുള്ളതാകുന്നു എന്നാണ് ഈ പദപ്രയോഗത്തിന്റെ സൂചന. يبعث എന്നതിന്റെ ആദ്യത്തിൽ ل-യും അന്ത്യത്തിൽ ن-യും ചേർന്നതാണ് لَيَبْعَثَنَّ . പറയുന്ന സംഗതി അനിഷേധ്യവും സുദൃഢവുമാണെന്ന് കുറിക്കുന്നതാണ് ഈ രണ്ടു ശബ്ദവും. إِلَىٰ يَوْمِ ٱلْقِيَٰمَةِ (ഉയിർത്തെഴുന്നേൽപു നാളുവരെ) എന്ന വാക്ക് യഹൂദരിൽ ഒരു വിഭാഗമെങ്കിലും എന്നും അക്രമികളും അധാർമികരും ദൈവശിക്ഷക്കർഹരുമായിരിക്കുമെന്ന് സൂചിപ്പിക്കുന്നു.

മൂലത്തിലെ يَسُومُهُمْ എന്ന പദം നേരത്തെ *സൂറഃ അൽ ബഖറ*യിലും വന്നിട്ടുള്ളതാണ്. അവരെ പീഡിപ്പിക്കുന്നു എന്നത് ഈ വാക്കിന്റെ സാന്ദർഭികമായ അർഥമാണ്. سام എന്നതിന്റെ വർത്തമാന രൂപമാണ് يسوم . വിൽക്കാൻ വെക്കുക, വില കണക്കാക്കുക, ഒരു വസ്തു തേടിപ്പോവുക എന്നൊക്കെയാണിതിന്റെ ഭാഷാർഥം. പിന്നീടത് വിലപറയുക, വില കൊടുക്കുക, പോവുക തുടങ്ങിയ അർഥങ്ങളിലും, ഒരു സംഗതി മറ്റൊരാളിൽ കെട്ടിയേൽപിക്കുക, സമ്മർദം ചെലുത്തുക, ബലാൽക്കാരം അനുഭവിപ്പിക്കുക എന്ന അർഥത്തിലും ഉപയോഗിച്ചുവന്നു. ഒടുവിൽ പറഞ്ഞ അർഥങ്ങളിലാണ് ഖുർആൻ يسومون ഉപയോഗിച്ചിട്ടുള്ളത്. ഇസ്രാഈല്യരുടെ അധാർമിക നടപടികൾ പരിഗണിച്ചുകൊണ്ട് അതിന് കഠിന പീഡനം വിലയായി നൽകുന്നു എന്ന അർഥകൽപനയും സംഗതമാകുന്നു. عَقَب (കാൽമടമ്പ്)-ൽനിന്നുള്ളതാണ് عقاب . ഒരു ദുഷ്ചെയ്തിക്കു പിറകെ അനിവാര്യമായുണ്ടാകുന്ന അതിന്റെ ദുഷ്ഫലം എന്നാണതിന്റെ അർഥം. അനന്തരഫലം, പര്യവസാനം എന്നീ അർഥങ്ങളിൽ عاقبة ഉപയോഗിക്കുന്നു.

ശിക്ഷിക്കണമെന്ന് തീരുമാനിച്ചവരെ ഇഹത്തിൽവെച്ചും അതിവേഗം ശിക്ഷിക്കാൻ അല്ലാഹുവിന് കഴിയും. എന്നാൽ ശിക്ഷയേക്കാൾ അവനിൽ മികച്ചുനിൽക്കുന്നത് മാപ്പും കാരുണ്യവുമാണ്. ശിക്ഷ ലഭിക്കാതെ അവസരം നീട്ടിക്കിട്ടുന്നത് അവന്റെ അലംഭാവം കൊണ്ടോ കഴിവുകേട് കൊണ്ടോ അല്ല; കനിവും കാരുണ്യവും കൊണ്ടാണ്. അതർഹിക്കാത്തവരെ അവൻ എത്രയും പെട്ടെന്ന് ശിക്ഷിക്കുന്നതാണ്.

യഹൂദ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഒരു പൊതുതത്ത്വം പറഞ്ഞിരിക്കുകയാണിവിടെ. അസത്യത്തിലും അധർമത്തിലും അക്രമത്തിലും ആണ്ടുപോകുന്ന സമൂഹങ്ങളെ മറ്റുചില സമൂഹങ്ങളെ ഉപയോഗിച്ച് ഒതുക്കുക അല്ലാഹുവിന്റെ നടപടിക്രമമാണെന്നും അതില്ലായിരുന്നുവെങ്കിൽ ലോകത്തുനിന്ന് സത്യത്തിന്റെയും ധർമത്തിന്റെയും സകല ചിഹ്നങ്ങളും തകർക്കപ്പെടുമായിരുന്നുവെന്നും ഖുർആൻ ഉണർത്തുന്നുണ്ട്. വഴിവിട്ട് നടക്കുന്നവർക്കെതിരെ മറ്റു ചിലരെ നിയോഗിക്കുകയെന്നത് ഇസ്രാഈല്യർക്കു മാത്രം പറഞ്ഞിട്ടുള്ളതല്ല. പ്രവാചക പാരമ്പര്യത്തിന്റെയും വേദപ്രമാണങ്ങളുടെയും വാഹകരെന്ന നിലയിൽ അല്ലാഹുവിന്റെ നടപടിക്ക് വിധേയരാകാൻ അവർ കൂടുതൽ അർഹരാണെന്നു മാത്രം. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്നും പ്രവാചകന്റെ സുന്നത്തിൽനിന്നും അകലുമ്പോൾ ഇതേ അർഹത ഒരു മാറ്റവുമില്ലാതെ മുസ്‌ലിംകൾക്കും ലഭിക്കുന്നു. ആധുനിക മുസ്‌ലിംകൾ അതനുഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ■